പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 388      11.12.2012 ൽ മറുപടിയ്ക്ക്

## വൈദ്യുതി ചാർജ്ജ് ഓൺലൈൻ വഴി അടക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. ആർ. സെൽവരാജ്,<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് ഓൺ ലൈൻ വഴി അടക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) കെ.എസ്.ഇ.ബിയുടെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in മുഖേന വിസാ/ മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ ക്രെഡിറ്റ് കാർഡുകൾ മുഖേനയും പ്രമുഖ ബാങ്കുകൾ വഴി നെറ്റ്ബാങ്കിങ്ങിലൂടെയും വൈദ്യുതി ചാർജ്ജ് ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 06.07.2011 മുതൽ നിലവിലുണ്ട്. |
| (ബി) ഏതെല്ലാം വിഭാഗം ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം നിലവിലുള്ളത്; | (ബി) എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്. |
| (സി) ഈ സംവിധാനം ഏതെല്ലാം സ്ഥലങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്; | (സി) സംസ്ഥാനത്തൊട്ടാകെയുള്ള എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) വൈദ്യുതി ബോർഡിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ |

(...2)

തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ വരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ 14.06.2012 മുതൽ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ആർ.എ.പി.ഡി.ആർ.പി. (RAPDRP) വിവര സാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്തിലുടനീളം ഈ സംവിധാനം നിലവിൽ വരും.

സെക്ഷൻ ഓഫീസർ.